**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി -ബി) വകുപ്പ്**

സർക്കുലർ നം. 07/2022/ധന. തീയതി , തിരുവനന്തപുരം, 09.02.2022

**സർക്കുലർ**

വിഷയം-ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ- ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരുടെ പെൻഷൻ പുന:സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ -പരിഷ്കരിക്കുന്നത് സംബന്ധിച്ച്

സൂചന- സർക്കുലർ നം. 62/2021/ധന. തീയതി 02.08.2021

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരുടെ പെൻഷൻ പുന:സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച സൂചനയിലെ സർക്കുലറിലെ ഖണ്ഡിക 2 X ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തുന്നു.

"ഖണ്ഡിക 2 I. മുതൽ IX. വരെയുള്ള കാരണങ്ങളാൽ അല്ലാത്തതും എന്നാൽ വാഹനമുണ്ടെന്നതുൾപ്പെടെയുള്ള മറ്റ് കാരണങ്ങളാൽ സേവനയിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടവർക്ക് പെൻഷൻ പുന:സ്ഥാപിച്ചു നൽകേണ്ടതില്ല. അത്തരക്കാർ പിന്നീട് പെൻഷന് അർഹരാകുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ നിലവിലെ നിബന്ധനകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായവർക്ക് പെൻഷൻ അനുവദിക്കേണ്ടതാണ് ".

2. സൂചന സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ പുന:സ്ഥാപിച്ചു നൽകുമ്പോൾ പ്രസ്തുത ഗുണഭോക്താക്കൾക്ക് അനുവദനീയമായ കുടിശ്ശിക സംബന്ധിച്ച് ചുവടെ ചേർത്ത സ്പഷ്ടീകരണം നൽകുന്നു.

(a) വാഹനമുണ്ട്, മറ്റ് പെൻഷനുകൾ ലഭിക്കുന്നു എന്നീ കാരണങ്ങൾ തെറ്റായി രേഖപ്പെടുത്തിയതു മുഖേന പെൻഷൻ തടയപ്പെട്ടവർക്ക് പെൻഷൻ കുടിശ്ശിക ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

(b) രണ്ടിൽ കൂടുതൽ പെൻഷൻ കൈപ്പറ്റിയിരുന്ന കാരണത്താൽ പെൻഷൻ തടയപ്പെട്ടവർക്ക് അർഹതപ്പെട്ട പെൻഷൻ പുന:സ്ഥാപിച്ചു നൽകുമ്പോൾ പുന:സ്ഥാപിക്കപ്പെടുന്ന തീയതി മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതിനേ അർഹതയുള്ളൂ, കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(c) സേവനയിൽ നിന്നും സ്ഥിരമായി സസ്പെന്റ് ചെയ്യപ്പെടുകയും പുതിയ അപേക്ഷ നൽകിയതു പ്രകാരം പെൻഷൻ അനുവദിക്കപ്പെടുകയും ചെയ്യുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യുന്ന തീയതി / ക്ഷേമനിധി ബോർഡ് പെൻഷൻ അംഗീകരിക്കപ്പെടുന്ന തീയതി മുതൽക്കു മാത്രമേ പെൻഷന് അർഹതയുള്ളൂ. അവരുടെ കാര്യത്തിൽ പെൻഷൻ കുടിശ്ശിക എന്ന പ്രശ്നം ഉദിക്കുന്നില്ല.

3. സൂചന സർക്കുലർ ഇപ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് II) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
7. എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ്മാർക്കും.
8. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്
   (നം.1794689/എസ് എഫ് സി.ബി2/21/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ